**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2101** **20-01-2021 - ല്‍ മറുപടിയ്ക്ക്**

**കോവിഡ് വാക്സിന്‍ മുന്‍ഗണന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോര്‍ജ് എം .തോമസ്** | | **Smt. K. K .Shailaja Teacher**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി)** | |
| (എ) | കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി വാക്സിന്‍ നല്‍കുന്നതിന് മുന്‍ഗണന നിശ്ചയിച്ചിട്ടുണ്ടോ; | (എ) | മുന്‍ഗണന നിശ്ചയിച്ചിട്ടുണ്ട്. |
| (ബി) | എങ്കില്‍ മുന്‍ഗണന നിശ്ചയിച്ചതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | ആദ്യഘട്ടത്തില്‍ ആശുപത്രി ജീവനക്കാര്‍ ആരോഗ്യപ്രവര്‍ത്തകര്‍ എന്നിവര്‍ക്കാണ് നല്‍കുന്നത്. ആശാപ്രവര്‍ത്തകര്‍, അംഗനവാടി പ്രവര്‍ത്തകരെയും ആരോഗ്യപ്രവര്‍ത്തകരുടെ കൂട്ടത്തില്‍ ഉള്‍പ്പെടുത്തിയിട്ടുണ്ട്. സര്‍ക്കാര്‍ മേഖലയിലും സ്വകാര്യമേഖലയിലുമുള്ള ആരോഗ്യപ്രവര്‍ത്തകര്‍ക്ക് കോവിഡ് വാക്സിന്‍ നല്‍കുന്നതിനായി, കോവിന്‍ (COWIN) എന്ന പോര്‍ട്ടറില്‍ രജിസ്ട്രേഷന്‍ നടത്തിയവര്‍ക്ക് മാത്രമേ കോവിഡ് വാക്സിന്‍ ലഭിക്കുകയുള്ളൂ. കേന്ദ്ര സര്‍ക്കാരിന്റെ കീഴിലുള്ള ആരോഗ്യസ്ഥാപനങ്ങളിലെ ജീവനക്കാര്‍ക്കും കേന്ദ്ര പ്രതിരോധ വകുപ്പിലെ (ആംഡ് ഫോഴ്സ് മെഡിക്കല്‍ സര്‍വ്വീസസ്) ആരോഗ്യപ്രവര്‍ത്തകര്‍ക്കും വാക്സിന്‍ ലഭിക്കുന്നതാണ്. രണ്ടാംഘട്ടത്തില്‍ മുന്‍നിര പ്രവര്‍ത്തകര്‍ക്ക് (ഫ്രണ്ട് ലൈന്‍ വര്‍ക്കേഴ്സ്) കോവിഡ് വാക്സിന്‍ ലഭിക്കും. ഇതിനായുള്ള രജിസ്ട്രേഷന്‍ അതാതു വകുപ്പുകള്‍ നടത്തി വരുന്നു. ഇതില്‍ സൈനികര്‍, പോലീസ്, ഹോംഗാര്‍ഡ്, ജയില്‍ ജീവനക്കാര്‍, മുനിസിപ്പാലിറ്റി മുന്‍നിര പ്രവര്‍ത്തകര്‍, റവന്യൂ ജീവനക്കാര്‍, സിവില്‍ ഡിഫന്‍സ് ഓര്‍ഗനൈസേഷന്‍, ഡിസാസ്റ്റര്‍ മാനേജ്മെന്റ്, സന്നദ്ധ പ്രവര്‍ത്തകര്‍ എന്നിവരെ ഉള്‍പ്പെടുത്തിക്കൊണ്ട് കേന്ദ്ര ആരോഗ്യ മന്ത്രാലയം മാര്‍ഗ്ഗരേഖ പുറത്തിറക്കിയിട്ടുണ്ട്. മൂന്നാംഘട്ടത്തില്‍ 50 വയസ്സോ, അതില്‍ കൂടുതല്‍ പ്രായമുള്ളവരെയും 50 വയസ്സില്‍ താഴെയുള്ള ഡയബറ്റിസ്, രക്ത സമ്മര്‍ദ്ദം, ക്യാന്‍സര്‍, ശ്വാസകോശ രോഗങ്ങള്‍ എന്നിവ ഉള്ളവരെ ഉള്‍പ്പെടുത്തിക്കൊണ്ട് കേന്ദ്ര |

| | | | |
|---|---|---|---|
| | | | ആരോഗ്യ മന്ത്രാലയം മാർഗ്ഗരേഖ പുറത്തിറക്കിയിട്ടുണ്ട്. |
| (സി) | വാക്സിൻ എന്ന് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (സി) | 2021 ജനുവരി 16-ാം തീയതി മുതൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും പ്രത്യേകമായി സജ്ജീകരിച്ച ആരോഗ്യ സ്ഥാപനങ്ങളിൽ കോവിഡ് വാക്സിനേഷൻ ആരംഭിച്ചു. |

സെക്ഷൻ ഓഫീസർ